# Weekly Devotions – May 2016

**week-2**

## Merciful mother (കരുണയുടെ ഉറവിടമായ അമ്മ



GEORGE BECKER. —RIZPAH PROTECTING THE BODIES OF HER SONS.

'May 8' മാതൃദിനമായി കണക്കാക്കുന്ന ഈ അവസരത്തിൽ എല്ലാ അമ്മമാരും ദൈവം ഏല്പിച്ച ആ പദവിയുടെ മഹത്വം മനസ്സിലാക്കി ജീവിപ്പാൻ കഴിയട്ടെ എന്ന ആശംസകൾ bibble study .co.in നുവേണ്ടി സമർപ്പിക്കുന്ന ദൈവ സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും മറ്റൊരു വശമായി ദൈവവചനം വെളിപ്പെടുത്തുന്നതാണ് മാതൃസ്നേഹം. ലോകത്തിൽ എല്ലാവരും തെറ്റിദ്ധരിക്കുമ്പോഴും കുറ്റപ്പെടുത്തുമ്പോഴും സ്നേഹമയിയായ ഒരമ്മ തന്റെ കുഞ്ഞിനെ തള്ളിപ്പറയുന്നില്ല. കണ്ണുനീരോടെയുള്ള പ്രാർത്ഥന സമർപ്പിക്കുന്ന അമ്മമാരുടെ മക്കൾ ദൈവകരങ്ങളിൽ സുരക്ഷിതരാണ്.

വിധവയായ ഒരു മാതാവ് തന്റെ ഏക മകനായ പീറ്ററിനെ അല്ലലറിയിക്കാതെയാണ് വളർത്തിയത്. രാപകൽ അലക്കുകാരിയുടെ തൊഴിൽ ചെയ്ത പ്രാർത്ഥനയുള്ള ഈ മാതാവ് പീറ്ററിന് മാന്യമായ വിദ്യാഭ്യാസം നൽകി. പഠന

കാലശേഷം ഒരു കമ്പിനിയിൽ ജോലിക്കായി അപേക്ഷിക്കുകയും അവർ അവനെ interview നായി ക്ഷണിക്കുകയും ചെയ്തു. പീറ്ററിന്റെ ബയോഡേറ്റാ കണ്ട ചെയർമാൻ ചോദിച്ച ചോദ്യം അവനെ അത്ഭുതപ്പെടുത്തി. ' പീറ്റർ നീ നിന്റെ അമ്മയെ ശ്രദ്ധിച്ചിട്ടുണ്ടോ , സ്നേഹിച്ചിട്ടുണ്ടോ '?. മറുപടി വ്യക്തമായി പറയുവാൻ കഴിയാതെ ബുദ്ധിമുട്ടിയ പീറ്ററിനോട് ശരി ഒരാഴ്ച്ച നിന്റെ അമ്മ എന്ത് ജോലി ചെയ്തോ അത് ചെയ്തിട്ട് വരുവാൻ ചെയർമാൻ ആവശ്യപ്പെട്ടു. ഒരാഴ്ചയ്ക്കുശേഷം മടങ്ങിവന്നവന് ഹസ്തദാനം ചെയ്യുവാൻ കരം നീട്ടിയ അദ്ദേഹം കണ്ടത് പഴയ കരങ്ങളല്ല പിന്നേയോ അലക്കുജോലി ചെയ്ത പൊട്ടിയ കരങ്ങളായിരുന്നു.കണ്ണുകൾ നിറഞ്ഞൊഴുകിയ പീറ്റർ പറഞ്ഞു സാർ! നന്ദി എന്റെ അമ്മയെ ഞാൻ അധികമായി സ്നേഹിക്കുന്നു.സന്തുഷ്ടനായ ചെയർമാൻ അവനോട് പീറ്റർ അമ്മയുടെ കഷ്ടതയും സ്നേഹവും മനസ്സിനാക്കിയ നീ ഏത് ജോലിയും ചെയ്യുവാൻ പ്രാപ്തനാണ്, നാളെ മുതൽ ജോലിയിൽ പ്രവേശിക്കുക എന്ന് പറഞ്ഞു.

ജീവിച്ചിരിക്കുന്ന മക്കൾക്കുവേണ്ടി കഷ്ടത അനുഭവിക്കുന്നതുപോലെ മാന്യമായ ശവഅടക്കം കുഞ്ഞുങ്ങൾക്ക് ലഭിപ്പാൻ കഷ്ടത അനുഭവിച്ച ഒരമ്മയെ 2ശമു : (21:1 - 10) വരെയുള്ള വാക്യങ്ങളിൽ കാണാം. ശൗൽ ഗിബയോന്യരോട് ചെയ്ത തെററിന്റെ ഭലമായി ദേശത്ത് 3 വർഷം ക്ഷാമമുണ്ടായി. അതിനു പരിഹാരം യഹോവയുടെ നിർദേശമനുസരിച്ച് ദാവീദ് രാജാവ് ചെയ്ത പകരത്തിനു പകരമാണ് അന്നത്തെ യഹൂദ നിയമം യിസ്രായേൽ ദേശത്ത് തങ്ങൾ ശേഷിക്കാതെ മുടിഞ്ഞുപോകുവാൻ ഉപായം ചിന്തിക്കുകയും നശിപ്പിക്കുകയും ചെയ്തവന്റെ മക്കളിൽ ഏഴ് പേരെ ഞങ്ങളെ ഏൽപ്പിക്കണം എന്ന അഭ്യർത്ഥന അനുസരിച്ച് ശൗലിന് രിസ്പയിലുണ്ടായ രണ്ടു മക്കളെയും, ശൗലിന്റെ മകളായ മീഖളിന്റെ അഞ്ചു മക്കളെയും ഏൽപ്പിച്ചു. ഏഴു പേരെയും യവകൊയ്ത്തിന്റെ ആരംഭത്തിങ്കൽ മലയിൽ തൂക്കിലേറ്റി.നായ്ക്കളോ പറവകളോ കാട്ടുജാതികളോ തൊട്ടാൽ ഇവയ്ക്ക് ശവഅടക്കം ലഭ്യമാകയില്ല

തങ്ങളുടേതല്ലാത്ത കുറ്റത്തിന് മരണശിക്ഷയേറ്റ മക്കളുടെ ജഡം തൂങ്ങി നിൽക്കുന്ന പാറയിൽ ചാക്കുവിരിച്ച് പക്ഷികളോ കാട്ടു മൃഗങ്ങളോ തൊടാതെ രിസ്പ രാവും പകലും കാവലിരുന്നു കൊയ്ത്തുകാലത്തിന്റെ ആരംഭം മുതൽ ആകാശത്തു നിന്നു അവരുടെ മേൽ മഴ പെയ്യും വരും ക്ഷീണിക്കാതെ ധീരതയുടെ പ്രതീകമായി കാവൽ നിന്ന രിസ്പ ദൈവവചനത്തിൽ ഇടം നേടി.അമ്മമാർ പ്രാർത്ഥനയിൽ മക്കൾക്ക് കാവൽ സൃഷ്ടിക്കുക കുഞ്ഞുങ്ങളെ ! ശത്രുതൊടാതെ നിങ്ങളെ സൃഷ്ടിക്കുന്ന അമ്മയെ നിങ്ങൾ സ്നേഹിക്കാറുണ്ടോ കരുതുന്നുണ്ടോ? ഇന്നു പലരും വൃദ്ധസദനത്തിലാക്കിയ അമ്മമാരെ മറക്കുമ്പോഴും അവർ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു എന്ന് ഓർക്കുക.അമ്മയെ സ്നേഹിക്കുന്നവൻ നിശ്ചയമായും അനുഗ്രഹിക്കപ്പെടും ദൈവം അതിനുള്ള മനസ്സ് ് നിങ്ങൾക്ക് തരട്ടെ.




## <u>പ്രാർത്ഥന</u>

പ്രിയ യേശുവേ ! 2016 ലെ ഈ മാതൃ ദിനത്തിൽ അമ്മമാരുടെ ത്യാഗപൂർണ്ണമായ ജീവിതത്തെപ്പറ്റി സ്മരിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. യഥാർത്ഥ വഴിയിൽ മക്കളെ വളർത്തുവാൻ അമ്മമാരേയും,വാർദ്ധക്യത്തിലെത്തിയ അമ്മയെ സഹായിക്കുന്ന,സ്നേഹിക്കുന്ന കരമാകുവാൻ മക്കളേയും നിന്റെ ജ്ഞാനാത്മാവിനാൽ നിറച്ചനുഗ്രഹിക്കേണമേ. യേശുവിൻ നാമത്തിൽ ആമേൻ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind